## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1372**

**07.06.2018-ന് മറുപടിയ്ക്ക്**

## ചിറ്റൂർ നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചിറ്റൂർ നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സ്കൂളിലെ പഠനത്തെയും റെഗുലർ ക്ലാസ്സുകളെയും ബാധിക്കാതെ നടപ്പിൽ വരുത്തുന്നു എന്നുറപ്പാക്കുന്നതിന് നിർമ്മാണത്തിന് ടെണ്ടർ ഉറപ്പിച്ച സ്ഥാപനം, മേൽനോട്ടം വഹിക്കുന്ന സ്ഥാപനം, കൈറ്റ് എന്നിവയ്ക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം കുട്ടികളുടെ സുരക്ഷ, ആരോഗ്യം എന്നിവ കണക്കിലെടുത്തും അദ്ധ്യയനം തടസ്സപ്പെടാത്ത രീതിയിലും കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുമ്പോൾ പ്രസ്തുത കെട്ടിടത്തിൽ ഉള്ള ക്ലാസ്സ് മുറികൾക്ക് സുരക്ഷിതമായ മറ്റൊരിടം കണ്ടെത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എഗ്രിമെന്റിൽ താഴെപ്പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

1) നിർമ്മാണം നടക്കുന്ന സ്ഥലത്തിനു ചുറ്റും ബാരിക്കേഡ് കെട്ടുക.
2) നിർമ്മാണ സ്ഥലത്തും പരിസരത്തും കുട്ടികൾ വരുന്നത് ഒഴിവാക്കണം.
3) നിർമ്മാണ സാമഗ്രികൾ കൺസ്ട്രക്ഷൻ സ്ഥലത്തേക്ക് കൊണ്ടുവരുന്നതിന് സ്കൂൾ എൻട്രൻസ് ഒഴിവാക്കി മറ്റു വഴികൾ കണ്ടെത്തുന്നതിന് കഴിവതും ശ്രദ്ധിക്കണം.

4) സ്കൂൾ സമയങ്ങളിൽ നിർമ്മാണ പ്രവർത്തനത്തിനായുള്ള ട്രാൻസ്പോർട്ടേഷൻ ഒഴിവാക്കണം.
5) നിർമ്മാണ സ്ഥലത്തേക്ക് അനധികൃത പ്രവേശനം നിരോധിക്കുക.
6) യാതൊരുതരത്തിലും അപകടങ്ങൾ ഉണ്ടാകാതെയിരിക്കാൻ എപ്പോഴും പ്രത്യേകം ശ്രദ്ധിക്കുക.
7) നിർമ്മാണത്തൊഴിലാളികൾക്ക് പ്രത്യേക ഡ്രസ്സും, സുരക്ഷാ സംവിധാനങ്ങളും ഉറപ്പു വരുത്തുക.
8) സുരക്ഷാ സൂപ്പർവൈസറും, അപകടങ്ങളിൽ രക്ഷപ്പെടുന്നതിനായി എമർജൻസി മാനേജ്മെന്റ് ടീമും നിർമ്മാണ സ്ഥലത്ത് ലഭ്യമാണെന്ന് ഉറപ്പു വരുത്തുക.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതർ, പി.ടി.എ., ജനപ്രതിനിധികൾ എന്നിവരുടെ യോഗം ജില്ലാ അധികാരിയുടെ നേതൃത്വത്തിൽ വിളിച്ച് ചേർക്കാൻ വിദ്യാഭ്യാസ വകുപ്പ് നടപടിയെടുക്കുമോ;

(ബി) മിഷന്റെ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നതിനായി ജില്ലാതല കർമ്മസേന രൂപീകരിച്ചിട്ടുണ്ട്

(സി) ആയിരത്തിൽ അധികം കുട്ടികൾ പഠിക്കുന്ന തത്തമംഗലം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ, നന്ദിയോട് ഗവൺമെന്റ് ഹൈസ്കൂൾ, കൊഴിപ്പാറ ഗവൺമെന്റ് എച്ച്.എസ്. എന്നിവയെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ വികസന പരിപാടികളിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) 2018-19-ലെ ബജറ്റ് പ്രസംഗമനുസരിച്ച് ആയിരത്തിൽ അധികം കുട്ടികൾ പഠിക്കുന്ന 2017-18 ബജറ്റിൽ വിട്ടുപോയ സ്കൂളുകളെ മൂന്നുകോടി രൂപ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

Namitha

സെക്ഷൻ ഓഫീസർ